ഒ. അശ്‌റഫ് പിണങ്ങോട്

# ചുടുവെണ്ണീർ തിന്നുന്നവർ

عَنْ أَبِي هريرة رَضي الله عَنْهُ أنَّ رَجُلاً قَالَ: يَا رَسُولَ الله إِنَ لِي قَرَابَةً
أَصِلُهُم وَيَقْطَعُونِي وأُحْسِنُ إليْهِمْ وَيُسيؤُونَ إلَيَّ وأَحْلُمُ عَنْهُمْ وَيَجْهَلُونَ
عَلَيَّ ، فَقَالَ: لَئِنْ كُنْتَ كَمَا قُلْتَ فكأَنَّمَا تُسِفُّهُم الْملَّ، وَلا يَزَالُ مَعَكَ
مِنَ الله ظَهِيرٌعَلَيْهِمْ مَا دُمْتَ عَلَى ذَلكَ

അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം. ഒരാൾ നബി(സ)യോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ചില ബന്ധുക്കളുണ്ട്. അവരുമായി ഞാൻ കുടുംബബന്ധം ചേർക്കുന്നു. എന്നാൽ അവർ എന്നോട് ബന്ധം വിഛേദിക്കുന്നു. ഞാനവരോട് നന്നായി വർത്തിക്കുന്നു. പക്ഷേ, എന്നോടവർ മോശമായി പെരുമാറുന്നു. ഞാനവർക്ക് വിട്ടുവീഴ്ച ചെയ്യുന്നു. എന്നാൽ, അവരെന്നോട് അവിവേകം കാണിക്കുന്നു." റസൂൽ(സ) പറഞ്ഞു: "താങ്കൾ പറഞ്ഞതുപോലെ തന്നെയാണ് കാര്യമെങ്കിൽ താങ്കളവരെ ചുടുവെണ്ണീർ തീറ്റുന്നത് പോലെയാണ്. ആ നിലപാടിലായിരിക്കുന്ന കാലത്തോളം അവർക്കെതിരെ അല്ലാഹുവിൽ നിന്നുള്ള ഒരു സഹായി താങ്കൾക്കുണ്ടായിരിക്കും" (മുസ്‌ലിം)

**ഇസ്‌ലാം** വളരെയേറെ പ്രാധാന്യം നൽകിയതും നമ്മിൽ ചിലർ അതിനിസ്സാരമായി കാണുന്നതുമായ വിഷയമാണ് കുടുംബബന്ധം. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ പരിശ്രമിക്കുന്നവന് പ്രോത്സാഹനത്തോടൊപ്പം സന്തോഷവാർത്തയും, കുടുംബബന്ധം മുറിക്കുന്നവർക്ക് താക്കീതും നൽകുന്നതാണ് മുകളിലുദ്ധരിച്ച പ്രവാചക വചനം.

താൻ ബന്ധം ചേർത്താലും തന്നോട് ബന്ധം മുറിക്കുന്നവരെക്കുറിച്ച് പരാതി പറയുന്ന ശിഷ്യന്റെ ആവലാതി ശ്രവിച്ച പ്രവാചക ശ്രേഷ്ഠൻ ശ്രദ്ധേയായ മറുപടിയാണ് നൽകുന്നത്: വിവരിച്ചതുപോലെ തന്നെയാണ് കാര്യങ്ങളെങ്കിൽ താങ്കളോട് ബന്ധം മുറിക്കുന്ന ബന്ധുജനങ്ങൾ യഥാർഥത്തിൽ പ്രയാസങ്ങളാണ് സമ്പാദിച്ചുകൂട്ടുന്നത്. ദുനിയാവിലെ എന്തെങ്കിലും കാര്യലാഭത്തിന് വേണ്ടി ഇസ്‌ലാം പവിത്രമായി കാണുന്ന കുടുംബബന്ധത്തിൽ കത്തിവെക്കുന്നത് ദൈവസന്നിധിയിൽ അത്യന്തം ഗൗരവമുള്ള കാര്യമാണ്. അനുകൂലമായ പ്രതികരണങ്ങൾ ലഭിക്കാതിരിക്കുകയും പലപ്പോഴും തിരിച്ചടികൾ നേരിടുകയും ചെയ്തതിനു ശേഷവും ബന്ധങ്ങൾ വിളക്കിച്ചേർക്കാൻ അധ്വാനിക്കുന്ന സ്വഹാബിവര്യനെ പ്രവാചകൻ ആശ്വസിപ്പിക്കുന്നത്, 'ഈ നിലപാട് തുടരുവോളം താങ്കൾക്ക് അല്ലാഹുവിന്റെ സഹായം ഉണ്ടായിക്കൊണ്ടിരിക്കും' എന്ന് സന്തോഷ വാർത്ത അറിയിച്ചുകൊണ്ടാണ്.

കുടുംബബന്ധങ്ങളിലെ വിള്ളലുകൾ ഇന്ന് സർവ സാധാരണമാണ്. എത്ര മാത്രം ഗൗരവമുള്ള തെറ്റാണ് തങ്ങൾ ചെയ്യുന്നതെന്ന് ബന്ധങ്ങൾ മുറിക്കുന്നവർ ചിന്തിക്കാറില്ല. ഏറ്റവും ഖേദകരമായ വസ്തുത, കാലങ്ങളായുള്ള പല കുടുംബ പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം പലപ്പോഴും അതിനിസ്സാരമായ കാര്യങ്ങളായിരിക്കും എന്നതാണ്. ഉള്ളുതുറന്ന് ഒരു പ്രാവശ്യം സംസാരിച്ചാൽ തീരാവുന്ന പ്രശ്നങ്ങൾ, വൃത്തികെട്ട ദുരഭിമാനത്തിന്റെ പേരിൽ കൂടുതൽ വഷളാക്കുന്ന ആളുകൾ പിശാച് തങ്ങളുടെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഒരൽപം വിട്ടുവീഴ്ച കാണിച്ച് ബന്ധങ്ങൾ വിളക്കിച്ചേർക്കാൻ പരിശ്രമിക്കുന്നവർ മറ്റുള്ളവർക്ക് മുമ്പിൽ താഴുകയാണ് എന്ന ചിന്ത തീർച്ചയായും പൈശാചികമാണ്.

കുടുംബബന്ധം ചേർക്കുന്നത് ഇഹപര വിജയങ്ങൾക്ക് സഹായകമാണെന്ന് വിവിധ ഹദീസുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും. "വിഭവ സമൃദ്ധിയും മരണാനന്തര യശസ്സും ആരെയെങ്കിലും സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ കുടുംബബന്ധം ചേർക്കട്ടെ" എന്ന തിരുവചനം ഇഹലോകത്തെ വിജയത്തെക്കുറിക്കുന്നു. "കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" എന്ന് സംശയത്തിനിടയില്ലാത്ത വിധം നബി(സ) വ്യക്തമാക്കിയതിൽ നിന്ന് ബന്ധങ്ങൾ വിഛേദിക്കുന്നത് എത്ര മാത്രം ഗൗരവതരമാണെന്നും അത് പാരത്രിക ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നും മനസ്സിലാക്കാം. ■

*oashrafpngd@gmail.com*